## പതിമൂന്നാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

2015 ജൂലൈ 27, തിങ്കൾ

നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--30]**

മറുപടി നൽകുന്ന മന്ത്രിമാർ

വിദ്യാഭ്യാസ വകുപ്പുമന്ത്രി

റവന്യൂവും കയറും വകുപ്പുമന്ത്രി

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി

പൊതുമരാമത്ത് വകുപ്പുമന്ത്രി

### സ്കൂളുകളിലെ അക്കാദമിക നിലവാരം

*541. ശ്രീ.എ.റ്റി.ജോർജ്

,, വി.റ്റി.ബൽറാം

,, കെ.എസ്.ശബരീനാഥൻ

,, തേറമ്പിൽ രാമകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറച്ചുമാത്രം കുട്ടികൾ പഠിക്കുന്ന സ്കൂളുകളിൽ അക്കാദമിക നിലവാരം ഉയർത്തി അതിലൂടെ പ്രസ്തുത സ്കൂളുകളിൽ പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കാൻ പദ്ധതി നടപ്പാക്കി വരുന്നുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

### സ്വകാര്യ സർവ്വകലാശാല

*542. ശ്രീ.കെ. ദാസൻ

ഡോ.ടി.എം.തോമസ് ഐസക്

ശ്രീ.എ.കെ.ബാലൻ

,, പി.ശ്രീരാമകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ സർവ്വകലാശാല ആരംഭിക്കുന്നതിന് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഇതിനായി വിജ്ഞാപനം പുറപ്പെടുവിക്കുകയോ അപേക്ഷ ക്ഷണിക്കുകയോ ചെയ്തിരുന്നോ; നടപടിക്രമങ്ങൾ വിശദമാക്കാമോ;

(സി) പ്രസ്തുത സർവ്വകലാശാലാ രൂപീകരണം ഉന്നത വിദ്യാഭ്യാസ രംഗത്തെ എങ്ങനെ സ്വാധീനിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; നിലവിലുള്ളവയെ അത് എങ്ങനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

### ഡി.സി. സ്യൂട്ട് പദ്ധതി

*543. ഡോ.എൻ. ജയരാജ്

ശ്രീ.എം.വി.ശ്രേയാംസ് കുമാർ

,, റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കളക്ടറേറ്റുകളിൽ ഡി.സി. സ്യൂട്ട് എന്ന പദ്ധതി നടപ്പാക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ ഫയൽ പ്രോസസിംഗ് രംഗത്ത് എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി എല്ലാ ജില്ലകളിലും കാര്യക്ഷമമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഓണം, റംസാൻ ചന്തകൾ

*544. ശ്രീ.കെ.വി.അബ്ദുൾ ഖാദർ

,, ജെയിംസ് മാത്യു

,, പി.ടി.എ. റഹീം

,, കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം ഓണം, റംസാൻ ചന്തകൾ ആരംഭിക്കാൻ സാധിക്കാത്തത് എന്തുകൊണ്ടെന്ന് അറിയിക്കാമോ;

(ബി) അവശ്യ സാധനങ്ങളുടെ വില വർദ്ധിച്ചിരിക്കുന്ന ഈ സമയത്ത് സംസ്ഥാന വ്യാപകമായി ഓണം-റംസാൻ ചന്തകൾ ആരംഭിക്കേണ്ടതില്ല എന്ന് തീരുമാനിക്കാൻ കാരണമെന്തായിരുന്നു;

(സി) ഈ സീസണിൽ പൊതുകമ്പോളത്തിൽ വിലവർദ്ധന പിടിച്ചു നിർത്താൻ സബ്സിഡിക്കായി എന്തു തുകയാണ് നീക്കിവെച്ചിട്ടുള്ളത്;

(ഡി) സാധനങ്ങളുടെ വില വർദ്ധിക്കുകയും ഗുണം കുറയുകയും ചെയ്തതോടെ സിവിൽ സപ്ലൈസിന്റെ വില്പനശാലകൾ ജനങ്ങൾക്ക് ഉപയോഗപ്രദമാകുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാന ദുരന്ത നിവാരണ ഫണ്ട്

*545. ശ്രീ.ജി.എസ്.ജയലാൽ

,, സി.ദിവാകരൻ

ശ്രീമതി.ഇ.എസ്.ബിജിമോൾ

ശ്രീ.കെ.രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനായി ജില്ലകൾക്ക് നൽകുന്ന സംസ്ഥാന ദുരന്ത നിവാരണ ഫണ്ട് വെട്ടിക്കുറച്ചിട്ടുണ്ടോ;

(ബി) മുൻവർഷവും ഈ വർഷവും അനുവദിച്ച തുക താരതമ്യം ചെയ്യുമോ;

(സി) പ്രസ്തുത ദുരന്ത നിവാരണ ഫണ്ട് എന്തെല്ലാം ആവശ്യങ്ങൾ നിറവേറ്റുന്നതിനാണ് ജില്ലകൾക്ക് അനുവദിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിൽ നിന്നും കാർഷിക വിള നാശത്തിനുള്ള തുക പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ ഒഴിവാക്കാനുണ്ടായ കാരണങ്ങൾ വെളിപ്പെടുത്തുമോ?

കായൽ കയ്യേറ്റങ്ങൾ

*546. ശ്രീ.കെ.വി.വിജയദാസ്

,, പി.കെ.ഗുരുദാസൻ

,, സി.കെ സദാശിവൻ

,, ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപകമായി കായൽ കയ്യേറ്റങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ ഭാഗമായി കായൽ വിസ്തൃതി കുറഞ്ഞുവരുന്ന കാര്യം അറിവുള്ളതാണോ;

(ബി) ഇതു സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; കയ്യേറിയ പ്രദേശങ്ങൾ തിരിച്ചുപിടിക്കുന്നതിനും കയ്യേറ്റം തടയുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) കായൽ കയ്യേറ്റങ്ങൾക്ക് റവന്യൂ ഉൾപ്പെടെയുള്ള വകുപ്പുകൾ കൂട്ടുനിൽക്കുന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ഡി) റവന്യൂ രേഖകളിൽ തിരിമറി നടത്തിയും വ്യാജ തണ്ടപ്പേർ നമ്പറുകൾ സൃഷ്ടിച്ചും നടത്തുന്ന അഴിമതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) വൻതോതിൽ പരിസ്ഥിതി ആഘാതത്തിന് വഴിവെക്കുന്ന ഇത്തരം പ്രവർത്തനങ്ങൾക്കെതിരെ എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്?

<u>പുതുക്കിയ റേഷൻ കാർഡുകൾ നൽകുന്നതിന് പദ്ധതി</u>

*547. ശ്രീ.അൻവർ സാദത്ത്

,, എം.എ. വാഹീദ്

,, വി.റ്റി.ബൽറാം

,, ടി.എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുക്കിയ റേഷൻ കാർഡുകൾ നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്;

(സി) പദ്ധതി നടത്തിപ്പിനായി ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ആർ.എം.എസ്.എ. പദ്ധതി -കുട്ടികളുടെ കൊഴിഞ്ഞുപോക്ക്</u>

*548. ശ്രീ.പി.ശ്രീരാമകൃഷ്ണൻ

ഡോ.കെ.ടി.ജലീൽ

ശ്രീമതി.കെ.എസ്.സലീഖ

ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.എം.എസ്.എ. പദ്ധതിയുടെ കീഴിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്കൂളുകൾ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആർ.എം.എസ്.എ. പദ്ധതി പ്രകാരമുള്ള സ്കൂളുകളിൽ അദ്ധ്യാപക നിയമനരീതി എങ്ങനെയാണ്; പ്രസ്തുത അദ്ധ്യാപകർക്ക് വേതനം നൽകുന്നത് ഏത് ഫണ്ടിൽ നിന്നാണെന്ന് വ്യക്തമാക്കുമോ;

(സി) ആർ.എം.എസ്.എ. പദ്ധതി പ്രകാരമുള്ള മിക്ക സ്കൂളുകളിലും ആവശ്യത്തിന് കെട്ടിടവും പഠിപ്പിക്കാൻ അദ്ധ്യാപകരുമില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാരണത്താൽ പ്രസ്തുത സ്കൂളുകളിൽ നിന്നും കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഉള്ളതായി അറിയാമോ;

(ഡി) ആർ.എം.എസ്.എ പദ്ധതിയിൽ പ്രവർത്തിക്കുന്ന സ്കൂളുകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി

സ്വീകരിക്കുമോ?

'റൂസ' പദ്ധതി പ്രകാരമുള്ള കേന്ദ്ര സഹായം

*549. ശ്രീ.കെ.എന്‍.എ.ഖാദര്‍

,, എന്‍ .എ.നെല്ലിക്കുന്ന്

,, റ്റി.എ.അഹമ്മദ് കബീര്‍

,, വി.എം.ഉമ്മര്‍ മാസ്റ്റര്‍ **:** താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) ഉന്നത വിദ്യാഭ്യാസ മേഖലയില്‍ വളരെയേറെ മാറ്റങ്ങള്‍ ഉണ്ടാക്കാന്‍ സാഹചര്യമൊരുക്കുന്ന 'റൂസ ' പദ്ധതിയുടെ പ്രയോജനം പരമാവധി ലഭിക്കാന്‍ തക്കവിധം ആ മേഖലയിലെ വിദഗ്ദ്ധരുടെ സഹായത്താല്‍ കേന്ദ്ര മാനദണ്ഡപ്രകാരം പ്രോജക്ടുകള്‍ തയ്യാറാക്കി കേന്ദ്ര സഹായം പരമാവധി ലഭ്യമാക്കാന്‍ നടപടി സ്വീകരിക്കുമോ?

ഭക്ഷണ വില നിയന്ത്രണ അതോറിട്ടി

*550. ശ്രീമതി.ഇ.എസ്.ബിജിമോള്‍

ശ്രീ.ഇ.ചന്ദ്രശേഖരന്‍

ശ്രീമതി.ഗീതാ ഗോപി

ശ്രീ.ഇ.കെ.വിജയന്‍ **:** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ഭക്ഷ്യവും സിവില്‍ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) ഭക്ഷണ വില നിയന്ത്രണ അതോറിട്ടി രൂപീകരിക്കുന്നതിനുള്ള നടപടികള്‍ ആരംഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത അതോറിട്ടിയുടെ ഘടനയും പ്രവര്‍ത്തനവും വിശദമാക്കുമോ?

നദീതീര സംരക്ഷണ നിയമവും അനധികൃത മണല്‍ ഖനനവും

*551. ശ്രീമതി.കെ.കെ.ലതിക

ശ്രീ.ഇ.പി.ജയരാജന്‍

,, കെ.കുഞ്ഞിരാമന്‍ **(**തൃക്കരിപ്പൂര്‍**)**

,, ബി.ഡി. ദേവസ്സി **:** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) വ്യാപകമായി അനധികൃത മണല്‍ ഖനനം നടക്കുന്നുവെന്ന പരാതി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; മണല്‍ കടത്ത് തടയാന്‍ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) നദീതീര സംരക്ഷണ നിയമം സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ; എങ്കില്‍ എന്ന് മുതല്‍ക്കാണെന്ന് അറിയിക്കാമോ;

(സി) നിയമത്തില്‍ വ്യവസ്ഥ ചെയ്തിട്ടുള്ള തീരസംരക്ഷണ സേനയ്ക്ക് രൂപം നല്‍കിയിട്ടുണ്ടോ; എങ്കില്‍ പ്രവര്‍ത്തനം തുടങ്ങിയിട്ടുണ്ടോ; ഇല്ലെങ്കില്‍ കാരണം വ്യക്തമാക്കാമോ;

(ഡി) മണല്‍ കടത്തിന് എതിരെ നില്‍ക്കുന്ന പോലീസ് ഉദ്യോഗസ്ഥര്‍ക്കും പൊതുപ്രവര്‍ത്തകര്‍ക്കുമെതിരെ മണല്‍ മാഫിയ വ്യാപകമായ അക്രമം അഴിച്ചുവിടുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ ഇത് തടയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) അനധികൃത മണല്‍ കടത്തിന് മണല്‍ മാഫിയയ്ക്ക് കൂട്ടു നില്‍ക്കുന്ന ഉദ്യോഗസ്ഥരുടെ പ്രവര്‍ത്തനം നിരീക്ഷിക്കുന്നുണ്ടോ; കുറ്റക്കാര്‍ക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

## പൊതുമാർക്കറ്റിലെ അമിതവില

*552. ശ്രീ.കെ.രാധാകൃഷ്ണൻ

,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ

,, വി.ചെന്താമരാക്ഷൻ

,, സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്സവകാലങ്ങളിൽ സപ്ലൈകോ മുഖേന നടത്തുന്ന വില നിയന്ത്രണ നടപടികളിൽ നിന്ന് സർക്കാർ പിൻവാങ്ങിയിട്ടുണ്ടോ;

(ബി) കഴിഞ്ഞ ഓണം, വിഷു ഉത്സവ ചന്തകളിൽ ഭക്ഷ്യവസ്തുക്കൾ ദുർലഭമായിരുന്നു എന്ന പരാതി ശ്രദ്ധയിൽപെട്ടിരുന്നോ;

(സി) 2015 ലെ റമദാൻ ചന്ത തുടങ്ങാനായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; വസ്തുക്കളുടെ കുറവ് വരുത്തിയിട്ടുണ്ടോ;

(ഡി) ഓണം അടുത്തിരിക്കുന്ന സാഹചര്യത്തിൽ പൊതുമാർക്കറ്റിലെ അമിതവില നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഓണച്ചന്തകൾ ആരംഭിക്കുന്നത് സംബന്ധിച്ച് തീരുമാനമായിട്ടുണ്ടോ; കുറഞ്ഞവിലയ്ക്ക് സാധനങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഉത്സവകാലങ്ങളിൽ മാർക്കറ്റിൽ ഇടപെടുന്നതിന് സപ്ലൈകോയ്ക്ക് സർക്കാർ പ്രത്യേകം ഫണ്ട് അനുവദിക്കാറുണ്ടോ; ഈ വർഷം ഫണ്ട് ലഭിച്ചിട്ടുണ്ടോ; മുൻ വർഷങ്ങളിൽ കുടിശ്ശികയുണ്ടോ; വിശദമാക്കാമോ?

## പ്ലസ് വൺ പ്രവേശന നടപടികൾ

*553. ശ്രീ.എ. പ്രദീപ്കുമാർ

,, എം.എ.ബേബി

,, കെ.സുരേഷ് കുറുപ്പ്

,, ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അദ്ധ്യയന വർഷത്തെ പ്ലസ് വൺ പ്രവേശന നടപടികൾ നീണ്ടുപോകാനിടയായത് എന്തുകൊണ്ടെന്നറിയിക്കാമോ; പ്രവേശനം പൂർണ്ണതോതിൽ എന്നത്തേക്ക് പൂർത്തിയാക്കും എന്ന് വ്യക്തമാക്കാമോ;

(ബി) സീറ്റ് അലോട്ട്മെന്റ് നടപടികളിൽ അനാവശ്യകാലതാമസം വന്നിട്ടുണ്ടോ; ഇതിനകം എത്ര അലോട്ട്മെന്റുകളാണ് നൽകിയിട്ടുള്ളത്; ഒന്നും രണ്ടും അലോട്ട്മെന്റുകൾ തമ്മിൽ എത്ര ആഴ്ചത്തെ കാലതാമസമുണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) അലോട്ട്മെന്റുകൾ നീളുന്നത് സ്വകാര്യ-എയ്ഡഡ് സ്ഥാപനങ്ങളെ സഹായിക്കാനാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എസ്.എസ്.എൽ.സി. സേ പരീക്ഷ എഴുതിയവർക്കും പുനർ മൂല്യനിർണ്ണയം നടത്തിയവർക്കും യഥാസമയം മാർക്ക് ലിസ്റ്റ് ലഭിക്കാത്തതുകാരണം ഒന്നും രണ്ടും അലോട്ട്മെന്റുകളിൽ പ്രവേശനം നേടാൻ കഴിയാതെ വന്നിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ധൃതിപിടിച്ച് അപൂർണ്ണമായ എസ്.എസ്.എൽ.സി. ഫലപ്രഖ്യാപനം നടത്തുകയും പ്ലസ് വൺ പ്രവേശനത്തിൽ അമാന്തം കാണിക്കുകയും ചെയ്യുന്നത് പൊതു വിദ്യാഭ്യാസ മേഖലയെ തകർക്കുന്ന നടപടിയാണെന്ന കാര്യം ബോധ്യമുണ്ടോ?

## പ്രതീക്ഷാ ബസ്സ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ്

*554. ശ്രീ.വി.പി.സജീന്ദ്രൻ

,, ഹൈബി ഈഡൻ

,, പി.എ.മാധവൻ

,, എം.എ. വാഹീദ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതീക്ഷാ ബസ്സ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിച്ചത്;

(സി) കമ്പനിയുടെ പ്രവർത്തനത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് എടുത്തത്?

## ദേശീയപാതകളെ നഗരവുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ വികസന പദ്ധതി

*555. ശ്രീ.ജോസഫ് വാഴയ്ക്കൻ

,, ബെന്നി ബെഹനാൻ

,, എ.പി.അബ്ദുള്ളക്കുട്ടി

,, പാലോട് രവി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയപാതകളെ നഗരവുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ വികസനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതി നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

## ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ കർമ്മപദ്ധതി

*556. ശ്രീ.പി.സി വിഷ്ണുനാഥ്

,, പി.എ.മാധവൻ

,, കെ.മുരളീധരൻ

,, ലൂഡി ലൂയിസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ആരുടെയെല്ലാം സഹകരണത്തോടെയാണ് ഇവ നടപ്പാക്കുന്നത്;

(സി) ഇത് നടപ്പിൽ വരുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

## പാഠപുസ്തക അച്ചടിയും വിതരണവും

*557. ശ്രീ.കെ.കുഞ്ഞിരാമൻ **(ഉദുമ)**

,, രാജു എബ്രഹാം

പ്രൊഫ. സി.രവീന്ദ്രനാഥ്

ശ്രീ.പുരുഷൻ കടലുണ്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലേക്കുള്ള ഐ. ടി. പാഠപുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി ക്ലാസ്സുകളിലേക്കുള്ള പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ ഏകോപനത്തിലുണ്ടായ വീഴ്ച സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തൽ വിശദമാക്കാമോ?

<u>സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പൊതുവിതരണ ശൃംഖലയുടെ ഗുണനിലവാരം</u>

*558. ശ്രീ.പി.കെ.ഗുരുദാസൻ

,, എ.കെ.ബാലൻ

,, കെ.കെ.ജയചന്ദ്രൻ

,, പി.ടി.എ. റഹീം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പൊതുവിതരണ ശൃംഖല വഴി വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കൾ ഗുണനിലവാരം കുറഞ്ഞവയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഗുണനിലവാരം കുറഞ്ഞ ഏതെല്ലാം ഉല്പന്നങ്ങളാണ് വിതരണത്തിനെത്തുന്നത്;

(ബി) ഗുണനിലവാരമുള്ള വസ്തുക്കൾ തന്നെയാണ് കോർപ്പറേഷൻ വാങ്ങുന്നത് എന്ന് ഉറപ്പുവരുത്തുമോ; വാങ്ങുന്ന വസ്തുക്കൾ വിതരണത്തിനായി ഔട്ട് ലെറ്റുകളിൽ എത്തുന്നതിനു മുമ്പ് തിരിമറി നടക്കാതിരിക്കാൻ വേണ്ട കരുതൽ നടപടികൾ സ്വീകരിക്കുമോ?

<u>കാലവർഷം മൂലമുണ്ടായ നാശനഷ്ടങ്ങൾ</u>

*559. ശ്രീ.സി.മമ്മൂട്ടി

,, എൻ. ഷംസുദ്ദീൻ

,, പി.ബി. അബ്ദുൾ റസാക്

,, പി.കെ.ബഷീർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇക്കഴിഞ്ഞ കാലവർഷം മൂലമുണ്ടായ നാശനഷ്ടങ്ങൾ സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) നാശനഷ്ടങ്ങൾക്കിരയായവർക്കുള്ള സമാശ്വാസ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; എന്തൊക്കെ നടപടികളാണ് ഇതേവരെ സ്വീകരിച്ചത്;

(സി) ആശ്വാസ നടപടികളുടെ കേന്ദ്രീകൃത മോണിറ്ററിംഗിന് ഏർപ്പെടുത്തിയ സംവിധാനമെന്താണെന്നു വ്യക്തമാക്കുമോ?

<u>റോഡുകളുടെ സുരക്ഷാപ്രവർത്തനങ്ങൾക്കും ഗതാഗതക്കുരുക്ക് പരിഹരിക്കാനും പദ്ധതി</u>

*560. ശ്രീ.എം.എ. വാഹിദ്

,, തേറമ്പിൽ രാമകൃഷ്ണൻ

,, സണ്ണി ജോസഫ്

,, ലൂഡി ലൂയിസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയപാതകളെ നഗരങ്ങളുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ സുരക്ഷാപ്രവർത്തനങ്ങൾക്കും ഗതാഗതക്കുരുക്ക് പരിഹരിക്കാനും പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് എടുത്തത്?

<u>റേഷൻ കാർഡിനുള്ള വിവരശേഖരണം</u>

*561. ഡോ.കെ.ടി.ജലീൽ

ശ്രീ.പുരുഷൻ കടലുണ്ടി

ശ്രീമതി.കെ.എസ്.സലീഖ

,, കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡുകളുടെ സ്വഭാവം നിശ്ചയിക്കുന്നതിലേക്ക് വിവരശേഖരണം പൂർത്തിയാക്കിയിട്ടുണ്ടോ; തുടർ പ്രവർത്തനങ്ങൾക്ക് ജീവനക്കാരിൽ അധികമായി സമ്മർദ്ദം ഉണ്ടോ;

(ബി) പ്രസ്തുത സമ്മർദ്ദം മൂലം വിവരങ്ങൾ രേഖപ്പെടുത്തുന്നതിലും കാർഡുകളുടെ സ്വഭാവ നിർണ്ണയത്തിലും തെറ്റുകൾ കടന്നുകൂടാം എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വിവരശേഖരണം സ്വകാര്യതയിലേക്കുള്ള കടന്നു കയറ്റമാണെന്നുള്ള പരാതികൾ ഉയർന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

<u>എ.പി.എൽ. വിഭാഗക്കാർക്ക് കുറഞ്ഞ നിരക്കിൽ അരിയും ഗോതമ്പും</u>

*562. ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ

,, വി.ഡി.സതീശൻ

,, ബെന്നി ബെഹനാൻ

,, ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.പി.എൽ. വിഭാഗക്കാർക്ക് കുറഞ്ഞ നിരക്കിൽ അരിയും ഗോതമ്പും നൽകുന്നതിന് ഏതെങ്കിലും പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിച്ചതെന്നു വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>പുതിയ സൂപ്പർമാർക്കറ്റുകളും മെഡിക്കൽ സ്റ്റോറുകളും ആരംഭിക്കുന്നതിനുള്ള പദ്ധതി</u>

*563. ശ്രീ.കെ.മുരളീധരൻ

,, കെ.അച്ചുതൻ

,, ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ സൂപ്പർമാർക്കറ്റുകളും മെഡിക്കൽ സ്റ്റോറുകളും ആരംഭിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിച്ചത് ; വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

## സ്കൂളുകളിലെ അദ്ധ്യയന സമയം

*564. ശ്രീ.എം.ചന്ദ്രൻ

,, സി.കെ സദാശിവൻ

,, എസ്.രാജേന്ദ്രൻ

,, ബാബു എം. പാലിശ്ശേരി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിലെ അദ്ധ്യയന സമയം പരിഷ്കരിച്ചിട്ടുണ്ടോ; ഇതിന്റെ ഭാഗമായി പീരിയഡുകളുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ടൈംടേബിൾ പരിഷ്കരണത്തിന്റെ ഉദ്ദേശ്യമെന്തായിരുന്നു; ഇത് സാദ്ധ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) ടൈംടേബിൾ പരിഷ്കരണത്തിന്റെ ഭാഗമായി വർദ്ധിക്കുന്ന പീരിയഡുകളുടെ എണ്ണമനുസരിച്ച് ഈ വർഷം തന്നെ പുതിയ അധ്യാപക / സ്പെഷ്യലിസ്റ്റ് അധ്യാപക തസ്തിക സൃഷ്ടിക്കുമോ; ഇതുപ്രകാരം ഹൈസ്കൂളുകളിൽ എത്ര തസ്തിക സൃഷ്ടിക്കേണ്ടിവരും; അതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

## അദ്ധ്യാപക സഹായി (ഹാൻഡ് ബുക്ക്) ലഭ്യമാക്കാത്ത നടപടി

*565. ശ്രീ.കെ.സുരേഷ് കുറുപ്പ്

ഡോ.ടി.എം.തോമസ് ഐസക്

,, കെ.ടി.ജലീൽ

ശ്രീ.എം. ഹംസ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപക സഹായി (ഹാൻഡ് ബുക്ക്) ഈ അദ്ധ്യയനവർഷം അച്ചടിച്ച് വിതരണം ചെയ്തിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അദ്ധ്യയനവർഷം ആരംഭിച്ച് ഒന്നാംപാദ പരീക്ഷ തുടങ്ങാറായിട്ടും ഹാൻഡ്ബുക്ക് ലഭിക്കാതെ അദ്ധ്യാപകർ പ്രയാസപ്പെടുകയാണെന്ന കാര്യം അറിവുള്ളതാണോ;

(സി) അദ്ധ്യാപക സഹായി അച്ചടിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണ്; പ്രസ്തുത നടപടിക്രമങ്ങൾ പാലിക്കപ്പെടാത്തതെന്തുകൊണ്ട്;

(ഡി) പാഠപുസ്തക അച്ചടി വൈകുന്നതും അദ്ധ്യാപക സഹായി ലഭ്യമാക്കാത്തതുമായ നടപടികൾ പൊതു വിദ്യാഭ്യാസ മേഖലയെ തകർക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഇ) അദ്ധ്യാപക സഹായി എന്നത്തേക്ക് ലഭ്യമാക്കാനാകുമെന്ന് വ്യക്തമാക്കാമോ; പൊതുവിദ്യാഭ്യാസ രംഗത്ത് വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ഉണ്ടായിട്ടുള്ള ആശങ്കയകറ്റുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

## റബ്ബറൈസ്ഡ് ടാറിങ് നടത്തുന്നതിനുള്ള നടപടി

*566. ശ്രീ.മോൻസ് ജോസഫ്

,, റ്റി.യു. കുരുവിള

,, സി.എഫ്.തോമസ്

,, തോമസ് ഉണ്ണിയാടൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസ്റ്റ് കേന്ദ്രങ്ങളിലേക്കുള്ള പ്രധാന റോഡുകൾ റബ്ബറൈസ്ഡ് ടാറിങ് നടത്തുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ആയതിന് നിലവിൽ സ്വീകരിച്ചു വരുന്ന നടപടിക്രമങ്ങൾ ലളിതമാക്കി വേഗത്തിൽ ജോലികൾ ചെയ്യുന്നതിന് സൗകര്യങ്ങൾ ഏർപ്പെടുത്തുമോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

<u>ഇ-രേഖാ പദ്ധതി</u>

*567. ശ്രീ.ഹൈബി ഈഡൻ

,, പാലോട് രവി

,, എ.റ്റി.ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ സർവ്വേ വകുപ്പിൽ ഇ-രേഖാ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) ആരുടെയെല്ലാം സഹകരണത്തോടെയാണ് ഇവ നടപ്പാക്കുന്നത്;

(സി) ഇത് നടപ്പിൽ വരുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

<u>പെൺകുട്ടികൾക്കായി "കരുത്ത്" പദ്ധതി</u>

*568. ശ്രീ.വി.ഡി.സതീശൻ

,, വി.റ്റി.ബൽറാം

,, പി.എ.മാധവൻ

,, ടി.എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിലെ പെൺകുട്ടികൾക്കായി "കരുത്ത്" പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

<u>വിദ്യാഭ്യാസ വകുപ്പിൽ ഇ-ഫയലിംഗ് സംവിധാനം</u>

*569. ശ്രീ.തോമസ് ഉണ്ണിയാടൻ

,, സി.എഫ്.തോമസ്

,, റ്റി.യു. കുരുവിള

,, മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കുന്നതിനും പൂർണ്ണമായി കമ്പ്യൂട്ടർവല്ക്കരിച്ച് ഇ-ഫയലിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം നല്കുമോ?

<u>ഭക്ഷ്യ ധാന്യങ്ങളുടെ ദുരുപയോഗം</u>

*570. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി

,, എം.ഉമ്മർ

,, അബ്ദുറഹിമാൻ രണ്ടത്താണി

,, കെ.എം.ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാവപ്പെട്ടവർക്ക് കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ ധാന്യങ്ങൾ വൻതോതിൽ ദുരുപയോഗംചെയ്യപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഉയർന്ന ഉല്പാദനച്ചെലവുള്ള ഭക്ഷ്യധാന്യങ്ങൾ സബ്സിഡി നൽകി വിതരണം ചെയ്യുമ്പോൾ അത് അർഹരായവരിൽ എത്താതിരിക്കാൻ ശ്രമിക്കുകയും, അവരുടെ പേരിൽ കൂടുതൽ ധാന്യങ്ങൾ വിതരണശൃംഖലയിൽ എത്തിച്ച് മറിച്ചുവിറ്റ് വൻലാഭം കൊയ്യുകയും ചെയ്യുന്ന മാഫിയ സംസ്ഥാനത്തുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) അർഹരായവർക്ക് മാത്രം സബ്സിഡി നിരക്കിലെ ഭക്ഷ്യ ധാന്യങ്ങളും, പഞ്ചസാര, മണ്ണെണ്ണ എന്നിവയും കൃത്യമായും ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പു വരുത്താനും, അനർഹരുടെ പേരിലെ ധാന്യം വൻതോതിൽ മറിച്ചുവിറ്റ് കൊള്ള ലാഭം നേടുന്നത് തടയാനും, ഫലപ്രദമായ നടപടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, | പി.ഡി.ശാരംഗധരൻ,
തിരുവനന്തപുരം, | സെക്രട്ടറി.
19-07-2015

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].